# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2241** | **18-03-2015-ലെ മറുപടിയ്ക്ക്**

## സംസ്ഥാന ഭാഗ്യക്കുറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹിദ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

എ)

| വർഷം | റവന്യൂ (തുക കോടിയിൽ) | വർദ്ധനവ് (മുൻവർഷത്തേക്കാൾ) |
|---|---|---|
| 2011-12 | 1287.08 | 130.79% |
| 2012-13 | 2778.80 | 115.90% |
| 2013-14 | 3793.72 | 36.52% |
| 2014-15 (ഫെബ്രുവരി വരെ) | 4964.25 | 45.90% |

ബി) ലോട്ടറി നടത്തിപ്പിൽ ഈ കാലയളവിൽ എത്രയേറെ ലാഭം ഉണ്ടായിട്ടുണ്ട് ;

ബി)

| വർഷം | ലാഭം (തുക കോടിയിൽ) |
|---|---|
| 2011-12 | 394.87 |
| 2012-13 | 681.76 |
| 2013-14 | 788.42 |
| 2014-15 | 2014-15 സാമ്പത്തിക വർഷത്തെ ലാഭം സാമ്പത്തിക വർഷാവസാനം (31-03-2015) മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. |

**സി)** ഈ നേട്ടങ്ങൾക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് ;

**സി)** ആഴ്ചയിൽ ഒരു നറുക്കെടുപ്പ് എന്നത് ഏഴായി വർദ്ധിപ്പിക്കുകയും ചെറുകിട ഏജന്റുമാർക്കും പ്രയോജനം ലഭിക്കത്തക്കരീതിയിൽ കമ്മീഷൻ വ്യവസ്ഥകൾ ക്രമീകരിക്കുകയും ചെയ്തു. നറുക്കെടുപ്പ് യന്ത്രവത്കരിക്കുകയും ഏജന്റുമാരുടേയും ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് ഭാഗ്യക്കുറി സമ്മാനഘടനകൾ പരിഷ്ക്കരിച്ചു. പത്രമാധ്യമങ്ങളിലൂടെയും, ടി.വി. ചാനലുകളിലൂടെയും നൽകുന്ന പരസ്യങ്ങൾ ഭാഗ്യക്കുറി വിൽപ്പന വർദ്ധനവിന് കാരണമായിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികളും അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിരോധിച്ചതും നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും സംസ്ഥാന ഭാഗ്യക്കുറി വിൽപ്പന വർദ്ധിപ്പിക്കുന്നതിന് പ്രധാന കാരണമായിട്ടുണ്ട്.

**ഡി)** ലോട്ടറി ടിക്കറ്റ് വിൽപ്പനയിൽ റിക്കാർഡ് നേട്ടം കൈവരിച്ചിട്ടുണ്ടോ ?

**ഡി)** ഉണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തിവരുന്ന ഏഴ് പ്രതിവാര ഭാഗ്യക്കുറികളുടെയും നിലവിൽ അച്ചടിക്കുന്ന മുഴുവൻ ടിക്കറ്റുകളും വിറ്റുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ.**